**This question paper consists of 30 questions and 7 printed pages.**

**Roll No.** | | | | | | | | | | | | |
റോൾ നമ്പർ

**Code No. 62/S/N/MM**
കോഡ് നമ്പർ

**Set - A**

# MALAYALAM
## മലയാളം
## (232)

**Day and Date of Examination**
**(പരീക്ഷാ ദിവസവും തീയതിയും)** ____________________

**Signature of Invigilators** 1. ____________________
**(മേൽനോട്ടക്കാരുടെ ഒപ്പ്)** 2. ____________________

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യപേജിൽ പ്രിൻറുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തരപുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **62/S/N/MM-A** എഴുതേണ്ടതാണ്.

# MALAYALAM

## മലയാളം

## (232)

സമയം : **3** മണിക്കൂർ                                                    മാർക്ക് : **100**

**നിർദ്ദേശങ്ങൾ :** (1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(2) ഒന്നു മുതൽ പതിനൊന്നുവരെയുള്ള ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

**1** ഓണക്കാലത്ത് അച്ഛൻ എത്തുമ്പോൾ എന്തു സമ്മാനമാണ് കുട്ടികൾ പ്രതീക്ഷിക്കുന്നത്? **11×1=11**

(A) താലി

(B) പന്ത്

(C) ആടകൾ

(D) നെല്ല്

**2** ഓലക്കമാണ്ടവൻ എന്ന് കവിതയിൽ വിശേഷിപ്പിച്ചിരിക്കുന്നത് ആരെ?

(A) ഏണങ്ങളെ

(B) ഗോകലനാഥനെ

(C) കോകിലത്തെ

(D) ദാരുക്കളെ

**3** ''വെളുക്കാൻ തേച്ച് പാണ്ട് പിടിക്കുംപോലെ'' സന്താനങ്ങൾ നന്നായിത്തീരാൻ കഠിനതകൾ ചെയ്യുന്നവരെ വി.ടി. വിശേഷിപ്പിക്കുന്നത് എങ്ങനെ?

(A) നാട്യക്കാർ

(B) പാമരന്മാർ

(C) അപ്രത്യലാളനാപ്രസക്തർ

(D) അന്ധമതികൾ

4 ''മരണത്തിന്റെ സ്പർശം തട്ടിയ ഭക്ഷണ സാധനങ്ങൾ'' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെ?

(A) കുട്ടികൾ കളിക്കാനായി ഉണ്ടാക്കിയ മണ്ണപ്പം പോലുള്ള പദാർത്ഥങ്ങളെ

(B) നെയ്പ്പായസത്തിലെ ഭാര്യ തയ്യാറാക്കി വെച്ചിരുന്ന ഭക്ഷണത്തെ

(C) അച്ഛൻ കഴിച്ചു കഴിഞ്ഞ ഭക്ഷണത്തെ

(D) അമ്മ ഉണ്ടാക്കിയിരുന്ന ഭക്ഷണങ്ങളെ

5 കേരളത്തിലെ കലാപ്രദർശനങ്ങളിൽ പൊതുവായി കാണുന്നത് എന്ത്?

(A) വാദ്യം

(B) പാട്ട്

(C) അഭിനയം

(D) ഇടയ്ക്ക

6 'മതമീമാംസ' എന്ന കവിത രചിച്ചത് ആര് ?

(A) വള്ളത്തോൾ

(B) ഒ.എൻ.വി.കുറുപ്പ്

(C) ശ്രീനാരായണഗുരു

(D) കുമാരനാശാൻ

7 ''ആ വാക്കുകളിലടങ്ങിയ പൊരുളെന്താണെന്ന് ജാനമ്മ അറിഞ്ഞത് മുതിർന്നപ്പോഴാണ്. ജാനമ്മ അറിഞ്ഞ പൊരുൾ എന്താണ് ?

(A) സർക്കസ് ഉത്തമ കലയാണ്

(B) സർക്കസ് കമ്പനിയിൽ മനുഷ്യത്വത്തിന് ഇടമില്ല

(C) മാനേജരോട് ശമ്പളം ചോദിക്കാൻ പാടില്ല

(D) മനുഷ്യർ മരണത്തിന് കീഴ്പ്പെടേണ്ടിവരും

8 പഠാണികളുടെ ജനകീയ നൃത്തത്തിന് എന്തിനോടാണ് സാദൃശ്യമുള്ളത് ?

(A) പഞ്ചാബി നൃത്തത്തോട്

(B) കാശ്മീരി നൃത്തത്തോട്

(C) ബംഗാളി നൃത്തത്തോട്

(D) റഷ്യൻ കാസ്സാക്ക് നൃത്തത്തോട്

9 വാനരവരനുടെ പെരിയ വാല് പിടിച്ചത് ആര് ?

(A) നാരദൻ

(B) ബാലി

(C) രാവണൻ

(D) കപീന്ദ്രൻ

10 നീലകണ്ഠ സ്വാമിയെപ്പോലെ വിഷം താനേ ഭുജിക്കുന്നത് ആര് ?

(A) ശിവൻ

(B) പ്രകൃത്യംബ

(C) വൃക്ഷം

(D) വിഷ്ണു

11 താഴെ കൊടുത്തിട്ടുള്ളവയിൽ വ്യത്യസ്തത പുലർത്തുന്നത് ഏത് ?

(A) നടന്ന് + അകന്ന്

(B) വേട്ട + പട്ടി

(C) തണുപ്പ് + ഉണ്ട്

(D) വന്ന് + ഇരുന്നു

12 അർത്ഥം എഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. **2+2=4**

(i) നിഷ്കളങ്കത

(ii) ലാഭമോഹം

13 മജിസ്ട്രേട്ടിന് പരബ്രഹ്മയ്യരോട് തോന്നിയ സഹതാപം കോപമായി പരിണമിക്കാൻ ഇടയായ സാഹചര്യം എഴുതുക. **2**

14 കെ.പി. കേശവമേനോൻ വിവരിക്കുന്ന കടുംബജീവിതത്തിന്റെ ഏതെങ്കിലും രണ്ട് മേന്മകൾ എഴുതുക. **2**

15 ഗോപികമാർ ഏണങ്ങളോട് പറഞ്ഞത് എന്തെല്ലാം ?

16 വാസവദത്ത പൊന്നശോകം വിടർത്തിയ കുടതൻ കീഴിൽ ഇരിക്കുന്നതായി കവി കൽപിച്ചിരിക്കുന്നതിലൂടെ എന്തെല്ലാം സൂചനകൾ ലഭിക്കുന്നു ? 3

17 ഏകമതത്തെ സംബന്ധിച്ച് നാരായണഗുരു അവതരിപ്പിക്കുന്ന കാഴ്ചപ്പാടെന്ത് ? 3

18 മനുഷ്യന് സ്വഭാഷ പെറ്റമ്മയാണെന്ന് കവി സമർത്ഥിക്കുന്നത് എങ്ങനെ ? 3

19 നെയ്പ്പായസം എന്ന കഥയിൽ നായകന്റെ ഭാര്യയെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഉള്ളത്? 3

20 രാവണൻ പിടിച്ച പുലിവാല് എന്ന തുള്ളൽക്കവിതാ ഭാഗത്തുനിന്ന് ലഭിക്കുന്ന സന്ദേശം എഴുതുക. 3

21 എന്തെന്റെ മാവേലി ഓണം വന്നു എന്ന നാടൻ പാട്ടിൽ പ്രതിഫലിക്കുന്ന ജീവിതസാഹചര്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? 4

22 സീതാസ്വയംവരം ചിത്രീകരിക്കുന്നതിൽ എഴുത്തച്ഛൻ പ്രദർശിപ്പിച്ചിരിക്കുന്ന മികവ് കാവ്യഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക. 4

23 ലോകം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ മരത്തിനു സ്തുതി എന്ന കവിതയിൽ സുഗതകമാരി എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു ? 4

24 കത്തുകളും നിവേദനങ്ങളും അനുഷ്ഠിക്കുന്ന ധർമങ്ങളെക്കുറിച്ച് കുറിപ്പെഴുതുക. 5

25 ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക.

ഒരൊറ്റ മതമുണ്ടുലകിന്നുയിരാം പ്രേമമതൊന്നല്ലോ
പരക്കെ നമ്മെ പാലമൃതൂട്ടും പാർവണശശിബിംബം 5

26 ചാർട്ടുകൾക്കും പട്ടികകൾക്കും നിത്യജീവിതത്തിലുള്ള പ്രാധാന്യം ഉദാഹരണങ്ങളോടെ വിശദമാക്കുക. 5

27 പെങ്ങൾ എന്ന കവിതയിലുടെ ഒ.എൻ.വി. ഉയർത്തുന്ന സാമുഹികപ്രശ്നങ്ങളുടെ സമകാലികപ്രസക്തി വിശദമാക്കുക. **5**

28 താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം പരാവർത്തനം ചെയ്യുക. **10**

താഴത്തേക്കെന്തിത്ര സുക്ഷിച്ചു നോക്കുന്നു
താരകളേ നിങ്ങൾ നിശ്ചലരായ്
നിങ്ങൾതൻ കുട്ടത്തിൽ നിന്നിപ്പോളാരാനും
ഭംഗമാർന്നൂഴിയിൽ വീണുപോയോ ?
ഉവ്വിതാ, നക്ഷത്രം തന്നെയാം രൂപമൊ-
ന്നുർവിയിലിപ്പുര വീഥിയിങ്കൽ,
അല്ലെങ്കിൽ മറ്റൊരു കൊച്ചു നിലാവിതാ
മുല്ലപ്പു പോലുള്ള പൂനിലാവിൽ.

29 താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് മൂന്നിലൊന്നായി സംഗ്രഹിക്കുക. **10**

ഒരു ദേശീയവിഭാഗത്തിന്റെ ഉള്ളിൽത്തന്നെയും വലുതോ ചെറുതോ ആയ വ്യത്യാസങ്ങൾ എന്നും കണ്ടെത്താൻ കഴിയും. ആ വിഭാഗം എത്ര അടുത്തു ബന്ധപ്പെട്ടതായാലും ശരി, ആ വിഭാഗത്തിന്റെ കാതലായ ഐക്യം വെളിവാകന്നത് അതിനെ മറ്റൊരു ദേശീയവിഭാഗവുമായി താരതമ്യപ്പെടുത്തുമ്പോഴാണ്. പക്ഷേ, ഒന്നോർക്കേണ്ടതുണ്ട്, തൊട്ടു നിൽക്കുന്ന രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ അതിർവരമ്പിനടുത്തെത്തുമ്പോൾ മങ്ങിമറഞ്ഞുപോവുകയോ കൂടിക്കലരുകയോ ചെയ്യുന്നുവെന്നും സർവത്ര ഒരുതരം തുല്യത ഉൽപാദിപ്പിക്കുന്നതിന് അനുകൂലമാണ് ആധുനികവികാസങ്ങളെന്നും. പുരാതനമധ്യകാലങ്ങളിൽ ഇന്നത്തെ രാഷ്ട്രമെന്ന ആശയംതന്നെ നിലവിലില്ലായിരുന്നു. നാടുവാഴിപ്രഭുത്വം, മതം, വംശം, സംസ്കാരം എന്നിവയെ സംബന്ധിച്ച ബന്ധങ്ങൾക്കായിരുന്നു കുടുതൽ പ്രാധാന്യം. എങ്കിലും അറിയപ്പെട്ടിട്ടുള്ള ചരിത്രത്തിന്റെ ഏതു കാലഘട്ടത്തിലുമെന്നുതന്നെ പറയാം, ഒരിന്ത്യക്കാരന് ഇന്ത്യയുടെ ഏതുഭാഗത്തും ഏറെക്കുറെ സ്വവാസസ്ഥാനത്തിന്റെ ഒരു ബോധം. അനുഭവപ്പെടുമായിരുന്നുവെന്നും മറ്റേതു രാജ്യത്തിലും ഒരന്യന്റെയും അപരിചിതന്റെയും ബോധമാണ് അവന് അനുഭവപ്പെടുമായിരുന്നതെന്നും ഞാൻ വിചാരിക്കുന്നു.

30 താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. 12

(i) മാതൃഭാഷയും സ്കൂൾ വിദ്യാഭ്യാസവും

(ii) അന്ധവിശ്വാസങ്ങളും ശാസ്ത്രബോധവും

(iii) ഭൗമജീവിതം നേരിടുന്ന വെല്ലുവിളികൾ